MD NICHE
MEDIA CONSULTANTS

**SIRAJ**

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **10** | Clip size (cm) - W: **8** H: **7**

# കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

തിരുവനന്തപുരം: ആഗോള ബ്രാൻഡുകൾ മാറ്റുരക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷനൽ അഡ്വർടൈസിംഗ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരളാ ടൂറിസത്തിന് വെങ്കല മെഡൽ. യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗ് എന്ന കേരളാ ടൂറിസം പ്രചാരണ പരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് 2012-ൽ അപൂർവമായ ഈ അംഗീകാരം ലഭിച്ചത്. മറ്റു വിഭാഗങ്ങളിലെ അവാർഡുകൾ ബഹുരാഷ്ട്ര കമ്പനികളായ ഫോക്സ്‌വാഗൺ; യൂണിലിവർ, ക്രാഫ്റ്റ് ഫുഡ്സ് എന്നിവക്കാണ്.

യുവർ മൊമെന്റ് ഈസ് വെയ്റ്റിംഗിന് ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്ന് സ്വർണ-മെഡൽ അടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിനു പിന്നാലെയാണ് ഈ അംഗീകാരം. പിയാഫിൽ മെഡൽ ലഭിച്ചത് അത്ഭുതപൂർവമായ ബഹുമതിയാണെന്നും ബ്രാൻഡ് മാനേജ്മെന്റിലും കൃത്യമായ വിപണന തന്ത്രത്തിലും കേരള ടൂറിസം നടത്തുന്ന അത്യധ്വാനത്തിന് ലഭിച്ച അംഗീകാരമാണെന്നും ടൂറിസം മന്ത്രി എ പി അനിൽകുമാർ പറഞ്ഞു. കേരളമെന്ന ബ്രാൻഡ് ലോക ടൂറിസം സർക്കീട്ടിൽ പ്രചരിപ്പിക്കാൻ ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന പരിശ്രമങ്ങൾക്കുള്ള മറ്റൊരു അംഗീകാരമാണ് പ്രേഗിൽ ലഭിച്ചതെന്ന് കേരളാ ടൂറിസം ഡയറക്ടർ റാണി ജോർജ് വ്യക്തമാക്കി.